**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 305 24.02.16 ലെ മറുപടിക്ക്**

## "നികുതി വെട്ടിപ്പ് തടയുന്നതിനുള്ള കർമ്മ പദ്ധതി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | നികുതി വെട്ടിപ്പ് തടയുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെപറയുന്നു,<br>**1)വാണിജ്യ നികുതി വകുപ്പ്:**<br>റിട്ടേൺ സ്കൂട്ടിനി കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി കേന്ദ്രീകൃതമായ Datamining Cell-ന്റെ പ്രവർത്തനം വിപുലീകരിച്ചു. ഇവർ എല്ലാ ജില്ലകളിലെയും Selected files Scrutiny-ക്ക് വിധേയമാക്കുകയും ആയതിൽ പ്രഥമദൃഷ്ട്യാ കുഴപ്പങ്ങൾ കണ്ടെത്തുന്ന കേസുകൾ നികുതി നിർണ്ണയത്തിനും വിശദമായ പരിശോധനക്കുമായി നികുതി നിർണ്ണയ അധികാരി, ഇന്റലിജൻസ് വിംഗ് എന്നിവയ്ക്ക് അയച്ചു കൊടുക്കാറുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി നികുതി നിർണ്ണയം ഊർജ്ജിതമാക്കി റിട്ടേൺ സ്കൂട്ടിനി ശക്തമാക്കി. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ഇത് മറ്റ് പ്രമുഖ അതിർത്തി ചെക്ക്പോസ്റ്റുകളിൽ താമസിയാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സി.സി.റ്റി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്കുവരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി കാർഷികാദായ നികുതി മണിലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.<br>നികുതിവെട്ടിപ്പ് പ്രകടമായ നുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ച ശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കടപരിശോധനയുമായി ബന്ധപ്പെട്ട ക്രൈംഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിനായി ജില്ലാകളക്ടർമാരുടെ.യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നല്കുക യുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. യാതൊരു നിബന്ധനയുമില്ലാതെ നൽകിയിട്ടുള്ള സർക്കാർ സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. ഇതിനുപുറമെ നികുതി നിർണ്ണയ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുന:സ്ഥാപിച്ചി ട്ടുണ്ട്.<br>കൂടാതെ അന്യ സംസ്ഥാന ങ്ങളിൽ നിന്നും സ്വന്തം ആവശ്യത്തിനെന്ന പേരിൽ വിവിധ കെട്ടിട സാമഗ്രികൾ കൊണ്ടുവരുന്നതിന്റെ ദുരുപയോഗം തടയുന്നതിനും അതിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുമായി മുൻകൂട്ടി അനുവാദം വാങ്ങേണ്ട സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>**2) എക്സൈസ് വകുപ്പ്:** എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ് / നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി, കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എഫ്. എൽ.1 ഷോപ്പുകളുടെ റെന്റൽ തുക ഒഴിച്ച് മറ്റെല്ലാ ലൈസൻസ് /റെന്റൽ ഫീസുകളും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്. എൽ.1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോവർഷത്തേക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മുതൽ ഫെബ്രുവരി വരെ ഒടുക്കിവരുന്നു.<br>എക്സൈസ് റവന്യൂ ചോർന്നുപോകാൻ സാധ്യതയുള്ള വ്യാജമദ്യ വിൽപന, അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത സ്പിരിറ്റ് കടത്ത് എന്നിവ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നു. അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പട്രോളിംഗ് |

| | | | |
|---|---|---|---|
| | | | നടത്തി വരികയുമാണ്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശമാക്കിയിട്ടുള്ളതും ദേശീയ പാതകളിൽ വാഹനപരിശോധന നടത്തിവരുന്നതുമാണ്. ഇത്തരം കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ അനധികൃത മദ്യത്തിന്റെ വിപണനം തടയുകയും തൻമൂലം നികുതി നഷ്ടം ഒഴിവാക്കുകയും ചെയ്യുന്നു. ലൈസെൻസ് സ്ഥാപനങ്ങളിൽ കൃത്യമായി ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഈ നടപടികൾ മൂലം ലൈസെൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും തന്മൂലം നികുതി ചോർച്ച ഒഴിവാക്കാനു കഴിയുന്നുണ്ട്.<br>**3) ഗതാഗത വകുപ്പ്:** നികുതി വെട്ടിപ്പ് തടയുന്നതിനായി ആധുനിക സോഫ്റ്റ് വെയറാണ് വകുപ്പിൽ ഉപയോഗിക്കുന്നത്. വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ച് കാണിച്ചുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. പർച്ചേസ് വാല്യു കുറച്ച് കാണിച്ചുള്ള തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പിന്റെ ആഭ്യന്തര പരിശോധന വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചെക്ക്പോസ്റ്റുകളിലും പരിശോധന കർശനമാക്കിയിട്ടുണ്ട്. മാത്രമല്ല, നികുതി കടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഓഫീസുകളിൽ എല്ലാ ബുധനാഴ്ചകളും നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | നികുതി വെട്ടിപ്പ് പൂർണ്ണമായി തടഞ്ഞുകൊണ്ട് സാമ്പത്തിക വിഭവ സമാഹരണം പരമാവധി ഉയർത്തുകയും അതിലൂടെ സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ ചോദ്യം (എ)-യുടെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ.**